**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3556** **12-03-2025 - ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയേറ്റിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ടി. ജെ. വിനോദ്</td><td colspan="2">ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ഏതെല്ലാം തസ്തികകളിൽ നിലവിൽ ഒഴിവുണ്ടെന്നത് തസ്തികയും ഒഴിവുകളുടെ എണ്ണവും സെക്ഷനുകളും സഹിതം പട്ടിക തിരിച്ച് അറിയിക്കാമോ;</td><td>(എ)</td><td>ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ നിലവിലെ ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>സെക്ഷൻ</th><th>ഒഴിവുള്ള തസ്തിക</th><th>ഒഴിവുകളു എണ്ണം</th></tr>
<tr><td>ബി</td><td>അസിസ്റ്റന്റ് (B2)</td><td>1</td></tr>
<tr><td>സി</td><td>അസിസ്റ്റന്റ് (C3)</td><td>1</td></tr>
<tr><td>ഇ</td><td>അസിസ്റ്റന്റ് (E1, E3)</td><td>2</td></tr>
<tr><td>ജെ</td><td>സെക്ഷൻ ഓഫീസർ</td><td>1</td></tr>
<tr><td>എൽ</td><td>അസിസ്റ്റന്റ് (L3)</td><td>1</td></tr>
<tr><td>ഓഫീസ് സെക്ഷൻ</td><td>ഓഫീസ് അറ്റൻഡന്റ്</td><td>2</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഇതിൽ കഴിഞ്ഞ മൂന്നു മാസത്തിൽ കൂടുതലായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;</td><td>(ബി)</td><td>ഉന്നതവിദ്യാഭ്യാസ (ഇ) വകുപ്പിലെ E1, E3 അസിസ്റ്റന്റ് തസ്തികകളും, ഓഫീസ് സെക്ഷനിലെ ഒരു ഓഫീസ് അറ്റൻഡന്റ് തസ്തികയും മൂന്നു മാസത്തിൽ കൂടുതലായി ഒഴിഞ്ഞു കിടക്കുന്നുണ്ട്.</td></tr>
<tr><td>(സി)</td><td>ഇപ്രകാരം മൂന്നു മാസത്തിൽ കൂടുതലായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ കൈകാര്യം ചെയ്തിരുന്ന പ്രധാനപ്പെട്ട വിഷയങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് നിലവിൽ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും ടി തസ്തികകളുടെ നിർവ്വഹണ ചുമതല നൽകിയിട്ടുള്ളത് ആർക്കെല്ലാമാണെന്നും വിശദമാക്കുമോ?</td><td>(സി)</td><td>മൂന്നു മാസത്തിൽ കൂടുതലായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ കൈകാര്യം ചെയ്തിരുന്ന പ്രധാനപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br><br><u>E1 സീറ്റ്</u>:<br><br>റൂസ സംബന്ധിച്ച പേപ്പറുകൾ (ഫണ്ട് ഒഴികെ)<br><br>എല്ലാ സർവ്വകലാശാലകളുടേയും പുതിയ സർക്കാർ എയ്ഡഡ് ആർട്സ് & സയൻസ്, ബി. എഡ് കോളേജുകൾക്കും, കോഴ്സുകൾക്കുമുള്ള അനുമതി</td></tr>
</table>

| | | | |
|---|---|---|---|
| | | | കേരള സർവ്വകലാശാലയ്ക്ക് കീഴിലെ സ്വാശ്രയ കോളേജുകളിലെ ആർട്സ് & സയൻസ് കോഴ്സുകൾക്കുള്ള അനുമതി (NOC Renewal ഉൾപ്പെടെ)<br><br>സർവ്വകലാശാലയുമായി ബന്ധപ്പെട്ട പൊതുവായ വിഷയങ്ങൾ<br><br><u>E3 സീറ്റ്</u> :<br><br>കണ്ണൂർ സർവ്വകലാശാലയുമായി ബന്ധപ്പെട്ട എല്ലാ പേപ്പറുകളും.<br><br>മലയാള സർവ്വകലാശാലയുമായി ബന്ധപ്പെട്ട എല്ലാ പേപ്പറുകളും.<br><br>എം.ജി.സർവ്വകലാശാലയ്ക്ക് കീഴിലെ സ്വാശ്രയ കോളേജുകളിലെ ആർട്സ് & സയൻസ് കോഴ്സുകൾക്കുമുള്ള അനുമതി. (NOC Renewal ഉൾപ്പെടെ)<br><br>സെക്ഷൻ മിസലേനിയസ്.<br><br>ഈ വിഷയങ്ങൾ വകുപ്പിനുള്ളിലെ മറ്റ് സെക്ഷനുകളിലേയ്ക്ക് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br><u>ഓഫീസ് അറ്റൻഡന്റ്</u> : ജി.എ.ഡി യിലേയ്ക്കും, അക്കൗണ്ടന്റ് ജനറൽ ഓഫീസിലേയ്ക്കും, ഡെസ് പാച്ചുകൾ ദിവസവും എത്തിക്കുക, സ്റ്റേഷനറി എടുക്കുക, തപാലുകൾ സെക്ഷനുകളിലേയ്ക്ക് എത്തിക്കുക, സ്പീഡ് പോസ്റ്റ്/ രജിസ്റ്റേർഡ് എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ കൈകാര്യം ചെയ്യുക എന്നതാണ് ഓഫീസ് അറ്റൻഡന്റിന്റെ പ്രധാന ചുമതല.<br><br>നിലവിൽ ഉള്ള ഓഫീസ് അറ്റൻഡന്റ് ഇപ്പോൾ ടി ജോലികൾ നിർവഹിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ